പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5456 — 24.05.2017 ൽ മറുപടിക്ക്

# കേരള എയർലൈൻസ് രൂപീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ :<br>,, മോൻസ് ജോസഫ് :<br>,, സി.എഫ്.തോമസ് :<br>ശ്രീ.ഡോ.എൻ. ജയരാജ്: | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) കേരള എയർലൈൻസ് രൂപീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | (എ) ഗൾഫ് മേഖലയിൽ ജോലിചെയ്യുന്ന മലയാളികളുടെ വിമാനയാത്ര ചിലവ് ചുരുക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടിയാണ് 'എയർ കേരള' ഫെബ്രുവരി 2006 ൽ തുടങ്ങിയത്. എയർ കേരള ലിമിറ്റഡ് സിയാലിന്റെ ഒരു അനുബന്ധ കമ്പനിയാണ്. ഇത് സംബന്ധിച്ച് സിയാൽ വളരെ വിശദമായ ഒരു സാധ്യതാപഠനം നടത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പുതിയ വ്യോമയാന നയ പ്രകാരം രാജ്യാന്തര സർവ്വീസുകൾ ആരംഭിക്കുന്നതിന് 20 വിമാനങ്ങളോ, അല്ലെങ്കിൽ മൊത്തം സീറ്റുകളുടെ 20 ശതമാനമോ ആഭ്യന്തര സർവ്വീസുകൾക്കായി മാറ്റിവെക്കേണ്ടതായിട്ടുണ്ട്. ആഭ്യന്തര മേഖലയിലുള്ള അഞ്ച് വർഷത്തെ വിമാന ഗതാഗത പരിചയം എന്ന പഴയ നിബന്ധന എടുത്തു കളഞ്ഞെങ്കിലും 20 വിമാനങ്ങൾ വേണമെന്ന നിബന്ധന നിലനിൽക്കുന്നത് എയർ കേരള പദ്ധതി |

യാഥാർത്ഥ്യമാക്കുന്നതിന് തടസ്സമാകുമെന്നതിനാൽ പദ്ധതി പുനഃപരിശോധിക്കേണ്ടതുണ്ട്.

(ബി) ഇതിന് കേന്ദ്ര സർക്കാരിന്റെയും മറ്റ് വകുപ്പുകളുടെയും ഭരണാനുമതികളും സാങ്കേതിക അനുമതികളും ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി) കേന്ദ്ര സർക്കാരിന്റെയും മറ്റു വകുപ്പുകളുടെയും ഭരണാനുമതികളും സാങ്കേതിക അനുമതികളും എയർ കേരളക്ക് ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ